# കമ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (CCI)
# സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ ഐക്യ ഞായർ (നവംബർ 12, 2023)

## ആരാധന ക്രമം

### (മെത്രാപ്പോലീത്തായുടെ അംഗീകാരത്തോട് കൂടിയത്)

### ആരാധനാഹ്വാനം

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം ഒന്നായിരിക്കുന്നതുപോലെ നമ്മൾ ഒരേ അപ്പത്തിന്റെ പങ്കുകാരും, ഒരേ പാനപാത്രത്തിന്റെ അംശികളും ആകുന്നു. തിരുസഭയിലൂടെയും, ക്രിസ്തുവിനാലും നാം ഒരേ ആത്മാവിന്റെ മക്കളാകുന്നു. വരിക, ഈ ആരാധനയിലൂടെ ഐക്യത്തിന്റെ ആത്മീയതയിലേക്ക്, ദൈവീക സംസർഗ്ഗത്തിന്റെ പൂർണ്ണതയിലേക്ക്, വേർതിരിവുകളും ഭിന്നതകളും മറന്ന് നമുക്ക് ദൈവകൃപയുടെ പങ്കുകാരാകാം.

**ഗാനം**

**കൗമാ**

**പ്രാരംഭപ്രാർത്ഥന**

സർവ്വത്തിന്റെയും പൊരുളും, പൂർണ്ണതയും, എല്ലാറ്റിന്റെയും സാരവും, സാദ്ധ്യതയുമായ പിതാവായ ദൈവമേ, നിന്റെ സൃഷ്ടിപ്രക്രിയയുടെ പൂർണ്ണതയിൽ ഞങ്ങൾ ആനന്ദിക്കുകയും, അതിന്റെ മികവിനുമുമ്പിൽ തല കുനിക്കുകയും ചെയ്യുന്നു. നീ എല്ലാറ്റിന്റെയും ഉടയവനാകുന്നു. നിന്റെ ദിവ്യവിചാരണയ്ക്കു മുമ്പിൽ ഞങ്ങൾ ഏതുമില്ല എന്ന് ഏറ്റു പറയുന്നു.

പാപം മൂലം പ്രപഞ്ചത്തിന്റ നഷ്ടപ്പെട്ട ചൈതന്യം തിരികെപ്പിടിക്കുവാൻ, ദൈവവുമായുള്ള സമത്വം മുറുകെപ്പിടിക്കാതെ, ദാസ്യരൂപത്തിന്റെ മഹത്വം ചമച്ച്, കുരിശിലെ ബലിയാൽ ഞങ്ങളെ വീണ്ടെടുത്ത നിന്റെ കാരുണ്യത്തിനുമുമ്പിൽ ഞങ്ങളുടെ ഹൃദയങ്ങൾ തുറക്കുന്നു. കാരുണ്യവാനായ ദൈവമേ, ക്രൂശിലെ മരണത്താൽ എല്ലാ വിഭജനങ്ങൾക്കും നീ അറുതിവരുത്തുകയും, വേർപാടിന്റെ നടുച്ചുവരുകളെ ഇടിച്ചുകളയുകയും ചെയ്തതിനാൽ ഞങ്ങളിലെ എല്ലാ വേർതിരിവുകൾക്കും, വിഭാഗീയ ചിന്തകൾക്കും അറുതിവരുത്തേണമേ.

ത്രീയേകദൈവമേ, പിതാവും പുത്രനും പരിശുദ്ധറൂഹായും ഒന്നായിരിക്കുന്നതുപോലെ തിരുസഭയുടെ ഐക്യത്തെയും അവിടുന്ന് ഉറപ്പിക്കേണമേ. ഞങ്ങളെ എല്ലാവരെയും പരിശുദ്ധാത്മപൂർണ്ണരാക്കേണമെന്നും ഞങ്ങൾ തിരുനാമത്തിന്റെ പുകഴ്ചയ്ക്കും മഹത്വത്തിനും ഉതകുന്ന ജീവിതം നയിപ്പാൻ കൃപ നല്കേണമെന്നും പ്രാർത്ഥിക്കുന്നു. ആമേൻ.

**അനുതാപപ്രാർത്ഥന**

('ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ' എന്ന് പ്രതിവാക്യമായി പറയണം.)

ലീഡർ: ഈ പ്രപഞ്ചത്തിൽ ജീവിക്കുവാൻ എല്ലാ ജീവജാലങ്ങൾക്കും അവകാശമുണ്ടായിരിക്കെ, ഞങ്ങളുടെ സുഖത്തിനും നേട്ടത്തിനുമായി അവയെ ചൂഷണം ചെയ്തതും, ജീവിക്കാനുള്ള അവയുടെ അവകാശത്തെ നിഷേധിച്ചതും, വിഭവങ്ങളെ സ്വന്തമാക്കി വയ്ക്കാൻ ശ്രമിച്ചതും തന്മൂലം ദൈവത്തിന്റെ ആലോചനയ്ക്കും, ആഗ്രഹത്തിനും ഭംഗംവരുത്തിയതും .......

പ്രതി: ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ

ലീഡർ: ക്രിസ്തുവുന്റെ തിരുശരീരമായ തിരുസഭയിൽ ഞങ്ങൾ അംഗങ്ങളെങ്കിലും, വിഭാഗീയ ചിന്തകളാലും വിദ്വേഷ മനോഭാവത്താലും, വൈരാഗ്യബുദ്ധിയാലും തിരുശരീരത്തെ മുറിവേല്പിച്ചതും തിരുസഭയിലെ ദൈവനിയോഗത്തെ ഞങ്ങൾ മറക്കുകയും ചെയ്തത്.......

പ്രതി: ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ

ലീഡർ ദൈവരാജ്യത്തിന്റെ നീതിയും, ധർമ്മവും, ഈ ലോകത്തിലേക്ക് പകർത്തുവാൻ ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ടായിരിക്കെ, ഞങ്ങളുടെ ജീവിത ഇടങ്ങളിൽ നീതിയും ധർമ്മവും മറന്ന് ദൈവത്തെ ദുഖിപ്പിച്ചതും, അതുവഴി മനുഷ്യസമൂഹത്തിന്റെ നൊമ്പരത്തെ അവഗണിച്ചതും........

പ്രതി: ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ

**സ്തോത്രപ്രാർത്ഥന**

(പ്രതിവാക്യം: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.)

ലീഡർ: സഭ എന്ന ശരീരത്തിന്റെ തലയാകുന്ന ക്രിസ്തുവിന്റെ നാമത്തിലും, ക്രിസ്തുവിലും ഞങ്ങൾ ഒന്നായിത്തീരുന്ന ഐക്യത്തിന്റെ അനുഭവങ്ങളെ നല്കിയതിനാൽ .......

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: വിശുദ്ധ സ്നാപനത്തിലൂടെയും, വിശുദ്ധ കുർബ്ബാനയാകുന്ന മഹാത്യാഗത്തിലൂടെയും, ക്രിസ്തുവിലുള്ള ഐക്യത്തിന്റെ പങ്കുകാരാകുവാൻ സഭകളെ ഒരുക്കുന്നതിനായി....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: ദൈവരാജ്യ ശുശ്രൂഷകൾക്കായി സഭകൾക്ക് വ്യത്യസ്തതയും, വൈവിധ്യങ്ങളിൽക്കൂടി ദർശനങ്ങളുടെ ചാരുതയും പകർന്നതിനായി .....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: സുവിശേഷീകരണത്തിനും, സാക്ഷ്യത്തിന്റെ ആവിഷ്ക്കാരങ്ങൾക്കുമായി ദേശീയ പ്രാദേശിക തലങ്ങളിൽ സഭകൾക്ക് ഐക്യത്തിന്റെ കൂട്ടായ്മകളും, വേദികളും ഒരുക്കുന്നതിനായി ....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: ഭാരതത്തിലെ ക്രൈസ്തവസഭകൾക്കായും പ്രത്യേകാൽ സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകൾക്കായും അവയുടെ പാരമ്പര്യം, സുവിശേഷദർശനം, ദൗത്യ സംരംഭങ്ങൾ എന്നിവകൾക്കായും ....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: സഭാ ഐക്യത്തിന്റെ ആവിഷ്ക്കാരമായി, ഭാരതത്തിൽ ദൈവരാജ്യ ദർശനങ്ങൾക്ക് ഊർജ്ജം പകരുന്ന കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ എന്ന കൂട്ടായ്മയ്ക്കായും സി.സി.ഐ ജൂബിലി കാലയളവിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കായും ......

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

(പ്രതിവാക്യം : 'ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു')

1. അക്രമവും, അനീതിയും, അഴിമതിയും നിറഞ്ഞ സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങളെ ഞങ്ങൾ ഓർക്കുന്നു. പ്രത്യേകിച്ച് സംഘർഷങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങൾക്കായും, അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾക്കായും ദൈവമേ .....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

2. യുദ്ധഭീഷണി നേരിടുന്ന രാഷ്ട്രങ്ങൾക്കും സ്ഥലങ്ങൾക്കുമായും അവിടുത്തെ സമാധാനത്തിനായും പട്ടിണി, പ്രകൃതിക്ഷോഭം സാമ്പത്തിക അരക്ഷിതാവസ്ഥ എന്നിവകൊണ്ട് ജീവിതം വഴിമുട്ടി നില്ക്കുന്ന ജനവിഭാഗങ്ങൾക്കായും ദൈവമേ......

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

3. ഭൂമി നഷ്ടപ്പെട്ട ജനവിഭാഗങ്ങൾ, അനാഥർ, കടക്കെണിയിൽ പെട്ടുപോയവർ, കുടിയൊഴിപ്പിക്കപ്പെട്ടവർ, ജപ്തിമൂലം കിടപ്പാടം നഷ്ടപ്പെട്ടവർ എന്നിവർക്കായി ദൈവമേ.....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

4. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യസംരംഭമായ സി.സി.ഐയുടെ എല്ലപ്രവർത്തനങ്ങളേയും ഞങ്ങൾ ഓർക്കുന്നു. നേതൃത്വം നല്കുന്ന ദക്ഷിണേന്ത്യാ സഭയുടെ മോഡറേറ്റർ, ഉത്തരേന്ത്യാ സഭയുടെ മോഡറേറ്റർ, മാർത്തോമ്മാ മെത്രാപ്പോലീത്താ എന്നിവർക്കായും, എക്സിക്യൂട്ടീവ് സെക്രട്ടറി, ട്രഷറാർ, കമ്മറ്റി അംഗങ്ങൾ, അംഗസഭകളുടെ ചുമതലക്കാർ എന്നിവർക്കായും അവരിലൂടെ നിർവ്വഹിക്കപ്പെടുന്ന എല്ലാ ശുശ്രൂഷകൾക്കായും ദൈവമേ.....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

**സമർപ്പണപ്രാർത്ഥന**

ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ദൈവമേ, ത്രീയേക ദൈവം ഒന്നായിരിക്കും പോലെ ഞങ്ങളെ നിന്റെ ഐക്യത്താൻ പരിപൂർണ്ണതപ്പെടുത്തേണമേ. ഞങ്ങളെ നിന്റെ നിയോഗങ്ങൾക്കും, ഹിതത്തിനുമായി സമർപ്പിക്കുന്നു. ഞങ്ങളിലെന്നും നിന്റെ ആലോചനയും, താല്പര്യവും വ്യാപരിപ്പിക്കേണമേ. തിരുഹിതമല്ലാതെ മറ്റൊരു ഹിതവും ഞങ്ങളെ ഭരിക്കരുതേ. യേശുവിൻമൂലം ഞങ്ങളപേക്ഷിക്കുന്നു. ആമേൻ.